ഉത്തരം

(എ) 21 ഉൾനാടൻ മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം രൂപീകരിക്കുവാനുദ്ദേശിക്കുന്ന ശേഷിച്ച ഉൾനാടൻ മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങളുടെ പേരും അവയുടെ അതിരുകളും തിരിച്ചുള്ള പട്ടികയും പൊതുജനങ്ങളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ഓഫീസുകളിലും ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിലും പ്രസിദ്ധപ്പെടുത്തി. നിശ്ചയിച്ചിരുന്ന സമയപരിധിയ്ക്കുള്ളിൽ കിട്ടിയ പരാതികളിന്മേൽ അന്വേഷണം നടത്തി അന്തിമ ലിസ്റ്റ് തയ്യാറാക്കി വരികയാണ്. പത്തനംതിട്ട ജില്ലയിൽ രൂപീകരിക്കുവാനുദ്ദേശിക്കുന്ന ഗ്രാമസംഘങ്ങളുടെ അതിരുകൾകൂടി തിട്ടപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരികയാണ്.

(ബി) കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ മൂന്ന് ഉൾനാടൻ മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ വീതം രൂപീകരിച്ച് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ ക്ഷേമ സംഘങ്ങൾ രൂപീകരിക്കുന്നതിനുവേണ്ടി കണ്ടെത്തിയിരിക്കുന്ന സ്ഥലങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ പറയുന്നു.

കൊല്ലം	27
കോട്ടയം	11
തൃശ്ശൂർ	8
കണ്ണൂർ	14
ആലപ്പുഴ	24
എറണാകുളം	14
കോഴിക്കോട്	9

മത്സ്യഫെഡിലെ നിയമനങ്ങൾ

90 [98] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ്വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) മത്സ്യഫെഡിൽ നാളിതുവരെ പുതിയ എത്ര നിയമനങ്ങൾ നടന്നു;

(ബി) ഓരോ തസ്തികയിലും നിയമിച്ചവരുടെ പേരു വിവരം വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളി സമുദായങ്ങൾക്ക് എത്ര ശതമാനം സംവരണം ചെയ്തിട്ടുണ്ട്;

(ഡി) ഇതുവരെയുള്ള നിയമനങ്ങളിൽ മത്സ്യത്തൊഴിലാളി സമുദായങ്ങളിൽനിന്ന് എത്ര പേരെ നിയമിച്ചു;

(ഇ) അവരുടെ പേരുവിവരംകൂടി വ്യക്തമാക്കുമോ?

ഉത്തരം

(എ) 95

(ബി) ലിസ്റ്റ് അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.†

†അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly

(സി) നോൺ മാനേജീരിയൽ വിഭാഗങ്ങളിലെ നിയമനങ്ങൾക്ക് 40% മത്സ്യത്തൊഴിലാളി സമുദായത്തിലെ ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

(ഡി) 26. (ഇരുപത്തിയാറ്).

(ഇ) അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.

ക്ലസ്റ്റർ വില്ലേജുകൾ

91 [99] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന്റെ പരിപാടി അനുസരിച്ച് എത്ര ഗ്രാമസംഘങ്ങൾ ഇതുവരെ ക്ലസ്റ്റർ വില്ലേജുകളാക്കി ഏറ്റെടുത്തിട്ടുണ്ട്;

(ബി) അവ ഏതെല്ലാം; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) 1986–87 വർഷത്തിൽ എത്ര ഗ്രാമസംഘങ്ങൾ ക്ലസ്റ്റർ വില്ലേജുകളായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു; ജില്ല തിരിച്ച് അവയുടെ വിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ) എൻ.സി.ഡി.സി. പദ്ധതി പ്രകാരം 15-ഉം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം 54-ഉം ഗ്രാമസംഘങ്ങൾ ക്ലസ്റ്റർ വില്ലേജുകളാക്കി ഏറ്റെടുത്തിട്ടുണ്ട്.

(ബി) എൻ.സി.ഡി.സി. പദ്ധതി 15 എണ്ണം.

തിരുവനന്തപുരം ജില്ല: 5 എണ്ണം. കൊച്ചുതുറ, പുതിയതുറ, പള്ളം, പുല്ലുവിള, അടിമലത്തുറ.

എറണാകുളം ജില്ല: 5 എണ്ണം. കണ്ണമാലി, കണ്ണടക്കടവ്, ചെറിയകടവ്, മാനാശ്ശേരി, സൗദി.

കണ്ണൂർ ജില്ല: 5 എണ്ണം. ചാലിൽ ഗോപാലപേട്ട, പാലിശ്ശേരി, തയ്യിൽ, കണ്ണൂർ സിറ്റി, അഴീക്കോട് കടപ്പുറം.

ആകെ—15

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി 54 എണ്ണം.

തിരുവനന്തപുരം ജില്ല: (8 എണ്ണം). സൗത്ത് കൊല്ലംകോട്, പനത്തുറ, ബീമാപള്ളി, പൂന്തുറ, വലിയതുറ, കൊച്ചുതോപ്പ്, വലിയവേളി, വെട്ടുകാട്.

കൊല്ലം ജില്ല: (4 എണ്ണം). ഇരവിപുരം സൗത്ത്, പണ്ടാരത്തുരുത്ത്, ചെറിയഴീക്കൽ, അഴീക്കൽ.

ആലപ്പുഴ ജില്ല: (6 എണ്ണം). കളളിക്കാട്, ആറാട്ടുപുഴ, അമ്പലപ്പുഴ, നീർക്കുന്നു, പുന്നപ്ര (നോർത്ത്), പള്ളിത്തോട്.

എറണാകുളം ജില്ല: (7 എണ്ണം). ഓച്ചന്തുരുത്ത്, മാലിപ്പുറം, എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, പഴങ്ങാട്, ചെല്ലാനം, നായരമ്പലം.

തൃശ്ശൂർ ജില്ല: (6 എണ്ണം). എറിയാട്, എടവിലങ്ങ്, കയ്പമംഗലം, ഏനാമാവ്, ചാപ്പളളിപ്പുറം, കടപ്പുറം.

GPM. 2/489/09

LIBRARY ARCHIVES Kerala Legislative Assembly